**കേരള സർക്കാർ**

**ധനകാര്യ (രഹസ്യ) വകുപ്പ്**

<u>പരിപത്രം</u>

നം.എസ്.എസ്.1/ 132 (1)/2020/ധന. തീയതി, തിരുവനന്തപുരം,30.03.2020.

**വിഷയം:- 2019-20 സാമ്പത്തിക വർഷാവസാനത്തിലെ ട്രഷറി ക്രയവിക്രയങ്ങൾ സുഗമമാക്കുന്നതിനുള്ള തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്**

**സൂചന:- 25/03/2020 ലെ SS1/132/2020/Fin നമ്പർ സർക്കുലർ.**

2019-20 സാമ്പത്തിക വർഷാവസാനത്തിലെ ട്രഷറി ക്രയവിക്രയങ്ങൾ സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സൂചനയിലെ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നിലവിൽ ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള തടസ്സം നിലനിൽക്കുന്നതിനാൽ ബില്ലുകൾ മേൽ നിർദ്ദേശ പ്രകാരം സമർപ്പിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ബില്ലുകൾ സമർപ്പിക്കുന്നതിന് ചുവടെ പറയുന്ന പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1. 2019- 20 സാമ്പത്തിക വർഷത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഉൾപ്പെടെ 31/03/2020 വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ സമർപ്പിക്കുന്ന ബില്ലുകളുടെ physical copy 2020 ഏപ്രിൽ 18 നകം ട്രഷറികളിൽ സമർപ്പിച്ചാൽ മതിയാകും.

2. 31/03/2020 വരെ ബില്ലുകൾ ഓൺലൈനായി സമർപ്പിക്കാൻ സാധിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതടക്കമുള്ള ബില്ലുകൾ 2020 ഏപ്രിൽ 18 വരെ അടുത്ത സാമ്പത്തിക വർഷത്തിലെ (2020-21) ബജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുന്നതിന് ട്രഷറികളിൽ സമർപ്പിക്കാവുന്നതാണ്.

3. 2020 ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകൾക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതില്ല.

4. മാർച്ച് 31 വരെ സമർപ്പിക്കുന്ന ബില്ലുകൾ നിലവിലുള്ള ട്രഷറി നിർദ്ദേശപ്രകാരം മാറി നൽകാതെ ബാക്കി നിൽക്കുന്നത് ഉൾപ്പടെ ട്രഷറി ക്യൂവിലേക്ക് മാറ്റുന്നതാണ്. ട്രഷറി ക്യൂവിലേക്ക് മാറ്റുന്ന ബില്ലുകൾ പാസാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

5. ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകളുടെ തുക 2020-21 വർഷത്തെ പദ്ധതി വിഹിതത്തിന് പുറമെ ആവശ്യമെങ്കിൽ അധികമായി അനുവദിക്കുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് പര്യാപ്തമായ ക്രമീകരണങ്ങൾ ട്രഷറി ഡയറക്ടർ ഏർപ്പെടുത്തേണ്ടതാണ്.

**രാജേഷ് കുമാർ സിംഗ്,**
**അഡിഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).**

അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി. & എസ്.എസ്.എ.), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഇ. & ആർ.എസ്.എ.) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതിവിന്റെ പ്രൈവറ്റ് സെക്രട്ടറി
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
നോഡൽ ഓഫീസർ,www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ